ഒരു സത്യാന്വേഷിയുടെ പരീക്ഷണങ്ങൾ

അഷ്റഫ് കൊണ്ടോട്ടി

ലക്ഷദ്വീപ്, മിനിക്കോയ് ദ്വീപിലെ മുറാദ് ഗണ്ടവറു അലി മണിക്ഫാൻ. മെലിഞ്ഞു നീണ്ട ഈ എഴുപത്തഞ്ചുകാരൻ കടലിന്റെ നിഗൂഢതയിലേക്ക് ഊളിയിട്ടും ആകാശ വിഹായസിലേക്ക് പറന്നുയർന്നും ചിന്തിച്ച് ശാസ്ത്രലോകത്തിന് പുതിയ അറിവുകൾ നൽകുകയാണ്. അസാധാരണമായ ആശയങ്ങളും കണ്ടെത്തലുകളും കൈമുതലാക്കിയ ഒരു സാധാരണക്കാരൻ. ആകാശ വീക്ഷണം, കപ്പൽ നിർമാണം, മത്സ്യനിരീക്ഷണം, മാസപ്പിറവി, ഹിജ്റ കലണ്ടർ അങ്ങനെ വാർധക്യത്തിലും വിദ്യാർഥിയുടെ കൗതുകമൊളിപ്പിച്ച് വിപ്ലവകരമായി മുന്നേറുകയാണ് അദ്ദേഹം. അലി മണിക്ഫാന്റെ ജീവിതത്തിന്റെ ഇന്നലെകളിലൂടെ...

കടലിനെ പ്രണയിച്ച കുട്ടിക്കാലം

അറബിക്കടലിലെ ലക്ഷദ്വീപിലുൾപ്പെട്ട മിനിക്കോയ് ദ്വീപിലാണ് ജനനം. കൃത്യമായി പറഞ്ഞാൽ 1938 മാർച്ച് 16 ബ്രിട്ടീഷ് ഭരണകാലത്ത് മിനിക്കോയ് മദ്രാസ് ഗവൺമെന്റിന്റെ കീഴിലായിരുന്നു. പിതാവ് മൂസ മണിക്ഫാൻ അന്നത്തെ ദ്വീപിന്റെ ഭരണ ചുമതലയുള്ള ആമീൻ ആയിരുന്നു. അവസാനത്തെ ആമീനും പിതാവ് തന്നെയാണ്. പിതാവിനെ എല്ലാവർക്കും ബഹുമാനമായിരുന്നു. ആയതിനാൽ മകനെന്ന നിലയിൽ ചെറുപ്രായത്തിലേ ഉദ്യോഗസ്ഥരുമായി അടുക്കാനായി. ആയിടയ്ക്കാണ് കണ്ണൂരിൽ നിന്ന് ഹസൻകുഞ്ഞ് എന്നയാൾ കച്ചവടത്തിനായി എത്തുന്നത്. ഹസൻകുഞ്ഞിനെ പിതാവ് ഞങ്ങളുടെ വീട്ടിലെ അധ്യാപകനാക്കി. എന്റെ വിദ്യാഭ്യാസം തുടങ്ങുന്നത് അവിടെ വച്ചാണ്. അതുകഴിഞ്ഞാൽ കടലിലേക്ക് ഓടും. കടലും കരയും തമ്മിലുള്ള ബന്ധം നിരീക്ഷിക്കും. ആകാശചെരുവിൽ കടൽ മുട്ടിനിൽക്കുന്നത് മതിവരാതെ നോക്കും. കടൽ ഒരു അത്ഭുതമായി തോന്നിയത് അവിടം മുതലാണ്.

കടലുകടന്ന് ആദ്യമായി കരയിലെത്തുന്നത് ഒമ്പതാം വയസിലാണ്. പിതാവിന്റെ കൂടെ ബേപ്പൂരിലാണ് വന്നത്. വൈകാതെ മടങ്ങി.പിന്നീട് സ്കൂൾ പഠനത്തിനായി കണ്ണൂരിലെത്തി. സ്വന്തം വീട്ടിൽ അധ്യാപകനായിരുന്ന ഹസ്സൻകുഞ്ഞിന്റെ വീട്ടിൽ താമസിച്ചാണ് പഠിച്ചിരുന്നത്. ഓരോ അധ്യയനം കഴിയുമ്പോഴും ദ്വീപിലേക്ക് മടങ്ങും. മൂന്നു കൊല്ലത്തിനുശേഷം കണ്ണൂർ വിട്ട മണിക്ഫാൻ ജന്മസ്ഥലത്തു തന്നെ നിന്നു. ചിന്തകൾ പെരുകിയപ്പോൾ പഠനം പാതിവഴിയിൽ നിലച്ചു. മിനിക്കോയ് ദ്വീപിലെ ലൈറ്റ് ഹൗസ് ജീവനക്കാരനുമായി ചങ്ങാത്തത്തിലാകുന്നത് ആയിടയ്ക്കാണ്. സിലോൺകാരനായിരുന്നു അയാൾ. അവരുടെ ഭാഷയ്ക്കു ദ്വീപ് ഭാഷയുമായി സമ്യമുള്ളതിനാൽ പരസ്പരമുള്ള ആശയവിനിമയത്തിന് പ്രയാസമുണ്ടായില്ല. ഇംഗ്ലീഷ് പഠിക്കാനായത് ഒരു മേൻമയായി. പഠനം മുടങ്ങിയെങ്കിലും തന്റെ അന്വേഷണങ്ങളും നിരീക്ഷണങ്ങളുമായി മുന്നോട്ടു പോവുകയും ചെയ്തു.

ദ്വീപുകളിൽ അക്കാലത്ത് ഭൂരിപക്ഷം പേരും കപ്പലുകളിൽ ജീവനക്കാരായിരുന്നു. കപ്പൽ നിർമാണവുമായി ബന്ധപ്പെട്ട് കൊൽക്കത്തയിലേക്ക് പോയി. അവിടെ വച്ചാണ് അറബി പഠിച്ചത്. കപ്പൽ നിർമാണശാലയിലെ ജോലി അവസാനിപ്പിച്ച് നാട്ടിലെത്തിയ ശേഷമാണ് ദ്വീപിലെ സർക്കാർ ജോലിയിൽ പ്രവേശിക്കുന്നത്. മിനിക്കോയ് ദ്വീപിലെ മിറ്ററോളജി വകുപ്പിൽ അസിസ്റ്റന്റായിട്ടാണ് ജോലിയിൽ കയറിയത്. ബലൂണിൽ ഹൈഡ്രജൻ നിറച്ച് ആകാശത്തേക്ക് വിട്ട് ബലൂൺ നിരീക്ഷിച്ച് ടെലസ്കോപ്പിൽ അന്തരീക്ഷത്തിന്റെ ഗതി പരിശോധിക്കുകയാണ് ജോലി. ചിന്തകൾ ചിറകുവച്ചു പറന്നത് ഇവിടെ മുതലാണ്. കാലാവസ്ഥ പഠനത്തിലും ഗോളശാസ്ത്രത്തിലും പുതിയ അറിവുകൾ ലഭിച്ചു. അക്കാലത്ത് ജലയാത്ര ധാരാളം നടത്തുമായിരുന്നു. പിന്നീട് അധ്യാപകനായി. അതുകഴിഞ്ഞ് പിതാവിന്റെ ഭരണചുമതലയുണ്ടായിരന്ന ആമീൻ ഓഫീസിൽ ക്ലർക്ക് ആയി. അതു കഴിഞ്ഞ് തമിഴ്നാട്ടിലെ രാമേശ്വരത്തെ മത്സ്യഗവേഷണ വകുപ്പിൽ ലാബ് അസിസ്റ്റന്റായി ജോലികിട്ടി.

സ്വന്തം പേരിലുള്ള മത്സ്യം

രാമേശ്വരത്തെ ഫിഷറീസ് വകുപ്പിലെ ജോലി ജീവിതത്തിൽ ഒരുപാട് മാറ്റങ്ങളുണ്ടാക്കി. സെൻട്രൽ മറൈൻ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും സമുദ്ര ജീവശാസ്ത്രജ്ഞനുമായ ഡോ. എസ്.ജോൺസിയുമായുള്ള ബന്ധമാണ് ജീവിതം മാറ്റി മറിച്ചത്. ഒരു അക്കാദമി പണ്ഡിതനും സാധാരണ നിരീക്ഷകനും തമ്മിലുള്ള ബന്ധത്തിലുമപ്പുറം അതു വളർന്നു. പുതിയ മത്സ്യങ്ങളെ കണ്ടെത്താനും അവയെക്കുറിച്ചു പഠിക്കാനും അത് ഉപകരിച്ചു. പിൽക്കാലത്ത് ലക്ഷദ്വീപിലെ മത്സ്യങ്ങളെക്കുറിച്ച് ഡോ.എസ്.ജോൺസി എഴുതിയ ഫിഷറീസ് ഓഫ് ലാക് ഡീവ് ആർക്കിലാഗോ എന്ന ഗ്രന്ഥത്തിൽ മണിക്ഫാൻ എന്ന ഒരു സാധാരണക്കാരന്റെ സഹായങ്ങളെ ക്കുറിച്ച് എടുത്തുപറയുന്നുണ്ട്. കടലിലെ മത്സ്യങ്ങളെ പിടിച്ചു ശാസ്ത്രീയമായി പഠിക്കുന്ന ജോലി കൂടുതൽ അറിവ് നൽകി. അക്കാലത്ത് മിനിക്കോയ് ദ്വീപിൽ വച്ച് ഒരു അപൂർവ മത്സ്യം ശ്രദ്ധയിൽപ്പെട്ടു. അന്നോളംകണ്ടിട്ടില്ലാത്ത പ്രത്യേകത ആ മത്സ്യത്തിനുണ്ടായിരുന്നു.

അക്കാദമി രീതിയിലും പരമ്പരാഗത മത്സ്യത്തൊഴിലാളികളും ഇതൊരപൂർവ മത്സ്യമാണെന്ന് ശരിവച്ചു. ആ മത്സ്യത്തിന് ഡോ.എസ്.ജോൺസി മണിക്ഫാന്റെ പേരാണ് നൽകിയത്. അബൂ ദഫ് ദഫ് മണിക്ഫാനി എന്നാണ് മത്സ്യത്തിന്റെ പേര്. കടൽ ഉള്ളിടത്തോളം കാലം ഈ മത്സ്യത്തെ ഇങ്ങനെ വിളിക്കും. ലക്ഷദ്വീപിലും ആൻഡമാനിലും ആണ് ഈ മത്സ്യം ഏറെക്കാണപ്പെടുന്നത്.



അബൂ ദഫ് ദഫ് മണിക് ഫാനി എന്ന മത്സ്യം

കരവിരുതിലൊതുങ്ങിയ പായ്ക്കപ്പൽ

ജോലിയിൽ നിന്ന് വോളണ്ടറി റിട്ടയർമെന്റ് വാങ്ങിയാണ് കപ്പൽ നിർമാണവുമായി ബന്ധപ്പെട്ട് ഒമാനിലേക്ക് പോയത്.അതൊരു അറബിക്കഥയാണ്. അലിഫ് ലൈല വലൈല എന്ന കഥയിൽ സിന്ദ്ബാദ് എന്ന യുവനാവികൻ നടത്തിയ ഏഴു സാഹസിക സഞ്ചാരക്കഥയുണ്ട്. ഈ കഥയിലാകൃഷ്ടനായ ഐറിഷുകാരനായ ടിമേന്ദി സവറിൻ എന്ന സാഹസിക സഞ്ചാരി ഇതുപോലൊരു യാത്രയ്ക്ക് ലക്ഷ്യമിട്ടു. ഇതിനായി അദ്ദേഹം ഒരു നൂറ്റാണ്ട് പഴക്കമുള്ള കപ്പലിനെക്കുറിച്ച് പഠിച്ചു. കടൽ റൂട്ട് തയാറാക്കി. എന്നാൽ യന്ത്രം ഘടിപ്പിക്കാത്ത പലകകൾ ചേർക്കാൻ ഒരാണി പോലും തറയ്ക്കാത്ത

മണിക്ഫാൻ ഒമാനിൽ നിർമിച്ച പായ്ക്കപ്പൽ

പായ്ക്കപ്പൽ നിർമിക്കണം. ലോകത്തെ എല്ലാ കോണിലും ഇത്തരത്തിലുള്ള ഒരു കപ്പൽ അന്വേഷിച്ചു. ഒടുവിൽ അവസരം കൈവന്നത് മണിക്ഫാനിലാണ്. ഒരു വെല്ലുവിളിയോടെ അത് ഏറ്റെടുത്തു. പക്ഷേ, ലോകത്തെ എൻജിനിയർമാർ വരച്ച മാതൃക ഉപേക്ഷിച്ച് സ്വന്തം രീതിയിൽ കപ്പൽ പണിയുവാൻ അദ്ദേഹം തീരുമാനിച്ചു. കോഴിക്കോട്ട് ബേപ്പൂരിൽ വച്ച് നിർമിക്കാനായിരുന്നു പദ്ധതി. ഒടുവിൽ മണിക്ഫാൻ അടങ്ങുന്ന 30 അംഗ കപ്പൽ നിർമാണസംഘം ഒമാൻ തുറമുഖമായ സൂറിലേക്ക് പോയി. ഒമാൻ ഭരണാധികാരി കപ്പൽ നിർമാണത്തിന്റെ മുഴുവൻ ചെലവും ഏറ്റെടുത്തു. പെരുമ്പാവൂരിൽ നിന്ന് അയനി മരവും നാലു ടൺ കയറും തൊണ്ടും ഇവിടെയെത്തിച്ചു.

പലകയിൽ തുളയുണ്ടാക്കി കയറുപയോഗിച്ചു കെട്ടി ചകിരി കപ്പലിൽ നിരത്തി. 80 അടി നീളത്തിലും 25 അടി വീതിയിലും കപ്പൽ ഉണ്ടാക്കി. സ്വഹർ എന്നാണ് കപ്പലിന് പേരിട്ടത്. സാഹസിക സംഘം ഈ കപ്പലിലാണ് കഥയിലുള്ളതു പോലെ യാത്ര തുടങ്ങിയത്. മണിക്ഫാന്റെ കപ്പൽ നിർമാണത്തെക്കുറിച്ച്, പിന്നീട് സാഹസികയാത്ര നടത്തിയവർ ഒരു ഗ്രന്ഥവും രചിച്ചിട്ടുണ്ട്.

അദ്ഭുത സൈക്കിൾ

പിതാവും മകനും ഒരു അദ്ഭുത സൈക്കിളുണ്ടാക്കി ഇന്ത്യയൊട്ടാകെ ചുറ്റിയ ഒരു കഥയുണ്ട് മണിക്ഫാന്റെ ജീവിതത്തിൽ. മണിക്ഫാനും മകൻ മൂസ മണിക്ഫാനുമാണ് രാമേശ്വരം മുതൽ ഡൽഹി വരെ മോട്ടോറിൽ ഘടിപ്പിച്ച സൈക്കിളിൽ സാഹസികയാത്ര നടത്തിയത്. സാധാരണ കൃഷിക്കാർ മരുന്നു തളിക്കാൻ ഉപയോഗിക്കുന്ന പവർ സ്പ്രേയർ മോട്ടോർ സൈക്കിളിൽ ഘടിപ്പിച്ച് പുതിയ വണ്ടിയു ണ്ടാക്കി. ഒരു ലിറ്റർ പെട്രോളിന് 60 കിലോമീറ്റർ സഞ്ചരിക്കാനാകും.

സൈക്കിളേറി രണ്ട് മൂന്ന് തവണ പെഡൽ ചവിട്ടിയാൽ മതി. പിന്നീട് സൈക്കിൾ ഓടിത്തുടങ്ങും. എൻജിൻ വേണ്ടെന്ന് തോന്നിയാൽ അതെടുത്തു മാറ്റി സാധാരണ സൈക്കിളായും ഉപയോഗിക്കാം. 45 ദിവസം കൊണ്ട് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഈ മോട്ടോർ സൈക്കിളിൽ ചുറ്റിക്കറങ്ങിയ പിതാവും മകനും പക്ഷേ ഒരിക്കലും പ്രശസ്തിക്കു വേണ്ടി മുൻനിരയിലേക്ക് വന്നിട്ടില്ല. സ്വന്തമായ പ്ലാനിൽ ഒരുക്കിയ വീട്,കുട്ടികളുടെ കളിയൂഞ്ഞാലിൽ ഘടിപ്പിച്ച് ടാങ്കിന് മുകളിലേക്ക വെള്ളം പമ്പ് ചെയ്യുന്ന യന്ത്രം,ശക്തമായ കാറ്റിൽ മാത്രം പ്രവർത്തിക്കുന്ന മോട്ടോർ അങ്ങിനെ ഒട്ടനവധി കണ്ടുപിടിത്തങ്ങൾ ഈ മനുഷ്യന്റേതായിട്ടുണ്ട്.

വീട്ടിലേക്ക് വൈദ്യുതിക്ക് അപേക്ഷിച്ചിട്ട് കിട്ടാതെ വന്നപ്പോൾ സ്വന്തമായി കറന്റുണ്ടാക്കാനും മണിക്ഫാൻ തുനിഞ്ഞിട്ടുണ്ട്. നാഗർകോവിലിലെ വള്ളിയൂരിൽ താമസിക്കുന്ന കാലത്താണിത്. ഒരു കാറ്റാടിയന്ത്രത്തിൽ ഡൈനാമോ ഘടിപ്പിച്ച് പങ്കയിലെ കറക്കത്തിനനുസരിച്ച് ബൾബ് കത്തിക്കുന്ന രീതിയാണ് വികസിപ്പിച്ചെടുത്തത്. മൂന്നു വർഷത്തോളം ഈ വൈദ്യുതിയാണ് മണിക്ഫാൻ ഉപയോഗിച്ചിരുന്നത്.പിന്നീട് കേരളത്തിലേക്ക് താമസം മാറ്റിയപ്പോൾ ഇത് മറ്റൊരാൾക്ക് വിറ്റു. തിരിച്ചെത്തിയപ്പോൾ സോളാർ പാനൽ സ്ഥാപിച്ചാണ് വൈദ്യുതി നിർമിച്ചത്. വൈദ്യുതി അധികം വേണ്ടതായ വീട്ടുപകരണങ്ങളൊന്നും ഉപയോഗിക്കാറില്ല. ഇദ്ദേഹം കൃഷിയോടും അതിയായ താൽപ്പര്യം കാണിക്കുന്നുണ്ട്.

ഒരു കലണ്ടറിന്റെ കഥ, മാസപ്പിറവിയുടേതും

അലി മണിക്ഫാൻ എന്ന ലക്ഷദ്വീപുകാരനെ ലോകം നോക്കിക്കണ്ടുതുടങ്ങിയത് ഹിജറ കലണ്ടർ ഒരുക്കിയതിലൂടെയാണ്.അന്നോളം മുസ്ലിം സമൂഹം പുലർത്തിപ്പോന്ന ചന്ദ്രമാസപ്പിറവിയുടെ അടിസ്ഥാനത്തിലുള്ള ഹിജറ കലണ്ടർ രീതി പരിഷ്കരിക്കണമെന്നാവശ്യപ്പെട്ടും അതിന് ഒട്ടനവധി ന്യായങ്ങൾ നിരത്തിയുമാണ് മണിക്ഫാൻ രംഗത്തു വന്നത്. അത് പുതിയൊരു വിവാദത്തിനാണ് തിരികൊളുത്തിയത്. നിലവിലുള്ള ഗ്രിഗോറിയൻ കലണ്ടറിന്റെ അപാകതകളെക്കുറിച്ച് വാദിച്ചുകൊണ്ടാണ് മണിക്ഫാൻ തന്റെ ആശയങ്ങൾ ലോകത്തോട് പങ്കു വച്ചത്. ഒരു ഏകീകൃത ഹിജറ കലണ്ടറായിരുന്നു മണിക്ഫാന്റെ കയ്യിലുണ്ടായിരുന്നത്. ഇതിലേക്ക് മണിക്ഫാനെ ചെന്നെത്തിച്ചത് ഒരു പെരുന്നാളാണ്

1965ലാണ് സംഭവം.ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ ആയിരുന്ന മൂർക്കോത്ത് രാവുണ്ണി ഒരു പെരുന്നാൾ ദിവസത്തിലാണ് കേരളത്തിൽ നിന്നു ലക്ഷദ്വീപിലേക്കെത്തിയത്. പിറ്റേന്ന് അഗത്തിയിലെത്തിയപ്പോൾ അവിടെ അന്നായിരുന്നു പെരുന്നാൾ. കപ്പലിൽ നിന്ന് സാധനങ്ങൾ ഇറക്കാൻ ആരുമില്ലായിരുന്നു. പിറ്റേന്ന് മിനിക്കോയിലെത്തിയപ്പോൾ അവിടെ പെരുന്നാൾ അന്നാണ്. ഒരേ വിശ്വാസക്കാരായവർക്കു മൂന്നു ദിവസങ്ങളിലായി പെരുന്നാൾ. ഇതിനെക്കുറിച്ചായിരുന്നു മണിക്ഫാന്റെ ആലോചന. തുടർന്ന് മതഗ്രന്ഥങ്ങൾ പരിശോധിച്ചു.

ശാസ്ത്രലോകത്തേക്ക് തിരിഞ്ഞു. സ്വന്തമായുള്ള ടെലസ്കോപ്പ് ഉപയോഗിച്ച് മാനത്തെ ചന്ദ്രനെ ദിവസങ്ങളോളം നിരീക്ഷിച്ചു. ചന്ദ്രന്റെ ദിവസങ്ങളിലുള്ള ചലനത്തെക്കുറിച്ച് ശാസ്ത്രജ്ഞൻമാരോടും മതപണ്ഡിതൻമാരോടും ചോദിച്ചറിഞ്ഞു.നിലവിലുള്ള കലണ്ടറുകളുടെ ഘടനയും പരിശോധിച്ചു. വർഷങ്ങളോളമുള്ള തന്റെ നിരീക്ഷണവും പരീക്ഷണവുംകൊണ്ട് അദ്ദേഹം ചിലത് കണ്ടെത്തി. ചന്ദ്രനെ നിരീക്ഷിച്ച് അതിൽ നിന്ന് ഒരു ഹിജറ കലണ്ടർ ശാസ്ത്രീയമായി രൂപപ്പെടുത്തിയെടുക്കാൻ അദ്ദേഹം തുനിഞ്ഞു. ഓരോ വർഷത്തന്റെയും തെറ്റില്ലാത്ത കലണ്ടർ മുൻകൂട്ടി ഒരുക്കാനാകും. ഇതുവഴി പെരുന്നാളും നോമ്പും എടുക്കാനാകും.

മാസം കണ്ട് നോമ്പും പെരുന്നാളും ഉറപ്പിച്ചു പോന്നിരുന്ന പരമ്പരാഗത സമ്പ്രദായത്തിനുമേൽ മണിക്ഫാൻ ചോദ്യമുയർത്തിയതോടെ മതപണ്ഡിതർ എതിർത്തു. പലരും ഗൗനിച്ചില്ല. എങ്കിലും തന്റെ ആശയം അദ്ദേഹം പ്രചരിപ്പിച്ചു. തന്റെ ഹിജ്റ കലണ്ടർ മനസുകൊണ്ട അംഗീകരിക്കുന്ന നിരവധി പേർ ഇന്നു ലോകത്തുണ്ട്. എന്നാൽ പരസ്യമായി അംഗീകരിക്കാൻ തയാറാകുന്നില്ല.മണിക്ഫാന്റെ ആശയങ്ങൾ പൂർണമായും ഉൾക്കൊണ്ട നിരവധി പേർ ഇന്ന് കേരളത്തിലും ലക്ഷദ്വീപിലുമുണ്ട്.

സൗദി അറേബ്യ, ഒമാൻ, ശ്രീലങ്ക തുടങ്ങി സഞ്ചരിച്ച നാടുകളിലെ ഭരണാധികാരികളോട് മുഴുവൻ മണിക്ഫാൻ തന്റെ ഹിജറ കലണ്ടർ കാണിച്ച് ആശയം വിശദീകരിച്ചിട്ടുണ്ട്. പക്ഷേ ഫലം കണ്ടിട്ടില്ല. ഇതു സംബന്ധിച്ച് സൗദി അറേബ്യയിൽ അഞ്ചു തവണ ചർച്ചക്കായി പോയിട്ടുണ്ട്. ഇപ്പോഴും പ്രതീക്ഷ കൈവിട്ടിട്ടില്ല. ഒരു നാൾ ലോകം തന്റെ ആശയം അംഗീകരിക്കുമെന്ന് മണിക്ഫാൻ ഉറച്ചുവിശ്വസിക്കുന്നു.